## 2020 മാർച്ച് 11 , ഉച്ചക്ക് 2.00 മണിക്ക് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ചേമ്പറിൽ ചേർന്ന എട്ടാമത് കില എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ്.

| | | | |
|---|---|---|---|
| 1. | ശ്രീമതി. ശാരദാ മുരളീധരൻ ഐ എ സ്<br>പ്രിൻസിപ്പൽ സെക്രട്ടറി<br>തദ്ദേശസ്വയംഭരണ വകുപ്പ്<br>തിരുവനന്തപുരം | : | ചെയർമാൻ |
| 2. | ഡോ ജോയ് ഇളമൺ<br>ഡയറക്ടർ, കില | : | കൺവീനർ |
| 3. | ശ്രീമതി. വനജകുമാരി കെ<br>(ഗ്രാമ വികസന കമ്മീഷണറുടെ പ്രതിനിധി)<br>അഡീഷണൽ ഡെവലപ്പ്മെന്റ് കമ്മീഷണർ II,,<br>ഗ്രാമ വികസന വകുപ്പ്, തിരുവനന്തപുരം | : | മെമ്പർ |
| 4. | ശ്രീ.ബി.കെ ബൽരാജ്<br>(നഗരകാര്യ വകുപ്പ് ഡയറക്ടറുടെ പ്രതിനിധി)<br>ജോയിന്റ് ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ)<br>നഗരകാര്യവകുപ്പ്, തിരുവനന്തപുരം | : | മെമ്പർ |
| 5. | ശ്രീ. എം.പി. അജിത്കുമാർ<br>പഞ്ചായത്ത് ഡയറക്ടർ (ഇൻചാർജ്)<br>പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം<br>തിരുവനന്തപുരം | : | മെമ്പർ |
| 6. | ശ്രീ. അനിൽകുമാർ എസ്<br>(ധനകാര്യ സെക്രട്ടറിയുടെ പ്രതിനിധി)<br>അഡീഷണൽ സെക്രട്ടറി<br>ധനകാര്യവകുപ്പ്, തിരുവനന്തപുരം | : | മെമ്പർ |
| 7. | ശ്രീ. ആർ എസ് കണ്ണൻ<br>സ്പെഷൽ സെക്രട്ടറി<br>തദ്ദേശസ്വയംഭരണ വകുപ്പ്<br>തിരുവനന്തപുരം | : | മെമ്പർ |

# ഐറ്റം നമ്പർ : 01

## 17.12.2019 ലെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിക്കുന്നത് സംബന്ധിച്ച്

17.12.2019 ൽ ഏഴാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് അംഗീകാരത്തിനായി സമർപ്പിക്കുന്നു. **(അനുബന്ധം-1 പേജ് 04 - 41 )**

# ഐറ്റം നമ്പർ : 02

## എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച് വിശദാംശങ്ങൾ

| ACTION TAKEN REPORT ON THE DECISION OF THE 7th EXECUTIVE COMMITTEE MEETING HELD ON 17/12/2019 | |
|---|---|
| **Executive Committee Decision** | **Action Taken** |
| ഐറ്റം നമ്പർ –03<br>**കില സിടിഡിഎൻആർഎം, അഗളി സെന്ററിലുള്ള വാഹനങ്ങൾ – സംബന്ധിച്ച്**<br>തീരുമാനം: കില ഡയറക്ടറുടെ ഉടമസ്ഥതയിലുള്ള മുൻ അഹാഡ്സ്-സിസിപിആർഎം ലെ ഉപയോഗയോഗ്യമായതും കിലക്ക് ആവശ്യമില്ലാത്തതുമായ വാഹനങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള ഓഫീസുകൾക്ക് അവർക്ക് ആവശ്യമെങ്കിൽ കൈമാറുക, ബാക്കിയുള്ള വാഹനങ്ങൾ റവന്യൂവകുപ്പിന് അവർക്ക് ആവശ്യമെങ്കിൽ കൈമാറുക. അതിന് ശേഷമുള്ളവ പൊതുമരാമത്ത് മെക്കാനിക്കൽ വകുപ്പിന്റെ അനുമതിയോടെ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ലേലം ചെയ്യുവാനും തീരുമാനിച്ചു –ചുമതല : ഡെപ്യൂട്ടി ഡയറക്ടർ, കില | തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യവകുപ്പ് ഡയറക്ടർ, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എന്നിവർക്ക് കിലയുടെ ഉടമസ്ഥതയിലുള്ള മുൻ അഹാഡ്സ്-സിസിപിആർഎം ന്റെ പ്രവർത്തനക്ഷമതയുള്ളതും നിലവിൽ കില ഡയറക്ടറുടെ പേരിലേക്ക് മാറ്റപ്പെട്ടിട്ടുള്ളതുമായ വാഹനങ്ങൾ ആവശ്യമെങ്കിൽ 13/03/2020 ന് മുമ്പായി കിലയിൽ വിവരം അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് കില ഡയറക്ടർ അറിയിപ്പ് നൽകിയിട്ടുണ്ട്. |
| ഐറ്റം നമ്പർ –04<br>**കില ആസ്ഥാനത്തെ സെക്യൂരിറ്റി കരാറിന്റെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച്**<br>തീരുമാനം:<br>1. All Kerala Ex-servicemen and Security Force Charitable Trust , Guruvayur ന് നിലവിലുള്ള നിരക്കിൽ കരാർ ഒരു വർഷത്തേക്ക് പുതുക്കി നൽകുന്നതിന് തീരുമാനിച്ചു.<br>2. കില ആസ്ഥാനത്തും മറ്റ് കേന്ദ്രങ്ങളിലും നിലവിലുള്ള ഗസ്റ്റ് ഹൌസുകളുടെ House Keeping, ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് തുടങ്ങിയ ജോലികൾക്കായി ബിരുദം/ബിരുദാനന്തര ബിരുദം, ഈ മേഖലയിലെ പ്രാവീണ്യം/വൈദഗ്ധ്യം എന്നിവയുള്ളവരെ കുടുബശ്രീ മിഷൻ മുഖാന്തിരം നിയോഗിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ കില ഡയറക്ടറെ ചുമതലപ്പെടുത്തി. ഇക്കാര്യത്തിൽ അട്ടപ്പാടിയിലെ ആദിവാസി യുവതി/യുവാക്കൾ ലഭ്യമാണെങ്കിൽ അവരെയും ഇതിനനുയോജ്യമായ പരിശീലനം നൽകിയ ശേഷം പരിഗണിക്കാവുന്നതാണ്. ചുമതല : ഡെപ്യൂട്ടി ഡയറക്ടർ, കില | All Kerala Ex-servicemen and Security Force Charitable Trust , Guruvayur മായി ഒരു വർഷത്തേക്ക് കൂടി കരാർ പുതുക്കി നൽകിയിട്ടുണ്ട്.<br><br>നടപടി സ്വീകരിച്ച് വരുന്നു. |
| ഐറ്റം നമ്പർ –05<br>**കില ഓഡിറ്റോറിയം നവീകരണം – എസ്റ്റിമേറ്റ് തുക അധികരിച്ചത് – സംബന്ധിച്ച്**<br>തീരുമാനം:<br>1. പുതുക്കിയ നിർദേശം സർക്കാരിലേക്ക് സമർപ്പിക്കുന്നതിനുള്ള അപേക്ഷ അംഗീകരിച്ചു. | പ്രവർത്തികളുടെ സാങ്കേതികാനുമതി ലഭിക്കുന്നതിന് എസ്റ്റിമേറ്റ് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർക്ക് സമർപ്പിക്കുകയും |

| | |
|---|---|
| 2. പ്രസ്തുത പ്രവർത്തികളുടെ സാങ്കേതികാനുമതി ലഭിക്കുന്നതിന് എസ്റ്റിമേറ്റ് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർക്ക് സമർപ്പിക്കുവാൻ തീരുമാനിച്ചു. -ചുമതല : ഡെപ്യൂട്ടി ഡയറക്ടർ, കില | പ്രസ്തുത എസ്റ്റിമേറ്റിൽ ഇലക്ട്രിക്കൽ വർക്കിന് സാങ്കേതികാനുമതി ലഭ്യമാക്കേണ്ടത് PWD ഇലക്ട്രിക് വിഭാഗം ആണെന്നും ആയതിന്റെ എസ്റ്റിമേറ്റ് ടി ഓഫീസിലേക്ക് സമർപ്പിക്കുവാൻ 02.02.2020 ലെ DB7/1204/20/CE/LSGD നമ്പർ കത്ത് മുഖാന്തിരം ചീഫ് എൻജിനീയർ കിലയിലേക്ക് അറിയിപ്പ് ലഭ്യമാക്കിയിട്ടുണ്ട്. 144.04 ലക്ഷം രൂപയുടെ ഇലക്ട്രിക്കൽ വർക്കിനുള്ള സാങ്കേതികാനുമതി സംബന്ധിച്ച തീരുമാനത്തിനായി പ്രത്യകം അജണ്ട ഐറ്റം നം 06 ആയി ഇതോടൊപ്പം എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതാണ്. |
| ഐറ്റം നമ്പർ -06<br>**കരാർ /ദിവസ വേതന ജീവനക്കാരുടെ നിയമനം സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച്**<br>തീരുമാനം:ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ചത് സർക്കാർ നിർദ്ദേശത്തിനനുസരിച്ച് മാത്രം നടത്തേണ്ടതുള്ളു എന്ന് തീരുമാനിച്ചു | നടപടി പൂർത്തീകരിച്ചു. |
| ഐറ്റം നമ്പർ -07<br>**കിലയുടെ പുസ്തകങ്ങളും മറ്റ് പ്രസിദ്ധീകരണങ്ങളുടെയും പകർപ്പാവകാശം സംബന്ധിച്ച്**<br>തീരുമാനം:കിലയുടെ പുസ്തകങ്ങളുടേയും മറ്റ് എല്ലാ പ്രസിദ്ധീകരണങ്ങളുടേയും ഉടമസ്ഥതയും പകർപ്പാവകാശവും കിലയിൽ നിക്ഷിപ്തമാണ്. മുൻകാല പ്രാബല്യവും ഇതിനു ഏർപ്പെടുത്തുന്നു .ഒപ്പം മുൻകാല പ്രാബല്യത്തോടെ Creative Commons Attribution 5 Non Commercial –Share A like CC BY-NC-SA കിലയിലും ബാധകമാക്കാൻ തീരുമാനിച്ചു. -ചുമതല : ഡയറക്ടർ കില | തീരുമാനം നടപ്പിലാക്കി |
| ഐറ്റം നമ്പർ -08<br>**കിലയിൽ രൂപീകരിച്ചിട്ടുള്ള ഇന്റേണൽ കമ്മറ്റികൾ**<br>തീരുമാനം:കിലയുടെ സുഗമമായ നടത്തിപ്പിനായി രൂപീകരിക്കപ്പെട്ടിട്ടുള്ള താഴെപ്പറയുന്ന കമ്മറ്റികൾ എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിച്ചു.<br>1. ഇന്റേണൽ കംപ്ലെയിന്റ് കമ്മറ്റി (Internal complaint committee ( the sexual Harassment of Women Act 2013)<br>2. ജീവനക്കാർക്കായുള്ള സങ്കടനിവാരണ കമ്മറ്റി (Staff Grievance Redressal committee)<br>3. ഭക്ഷണത്തിന്റെ മേൽനോട്ടത്തിനായുള്ള കമ്മറ്റി (Mess supervision committee)<br>4. പരിശീലനാസൂത്രണ മോണിറ്ററിംഗ് കമ്മറ്റി (Training Planning & Monitoring Committee)<br>5. റിസർച്ച് ആന്റ് ഇന്റേൺഷിപ്പ് (Research & Internship)<br>6. ലൈബ്രറി ഡോക്യുമെന്റേഷൻ (Library & Documentation)<br>7. ജേണൽ കമ്മറ്റി (Journal Committee)<br>8. ഹെൽപ്പ്ഡെസ്ക് അഡ്വൈവെസറി കമ്മറ്റി (Help Desk Advisory Committee<br><br>ചുമതല : ഡയറക്ടർ കില | നടപടി പൂർത്തീകരിച്ചു. |

| | |
|---|---|
| **ഐറ്റം നമ്പർ -09**<br>**<u>കിലയിലെ ധനസ്ഥിതി സംബന്ധിച്ച്</u>**<br>തീരുമാനം : സർക്കാരിൽ നിന്നും അടിയന്തിരമായി തുക ലഭിക്കുന്നതിനുള്ള നടപടിക്കായി ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു | 2018-19 സാമ്പത്തിക വർഷത്തിൽ ELAM ൽ വകക്കൊള്ളിച്ചിട്ടുള്ള 803 ലക്ഷം രൂപയും 2019-20 സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ച 2730 ലക്ഷം രൂപയിൽ ലഭ്യമായ 803 ലക്ഷം രൂപ കുറച്ച് ബാക്കി 1927 ലക്ഷം രൂപയും ലഭ്യമായിട്ടില്ല. ആയതിനുള്ള അപേക്ഷ ധനവകുപ്പിന്റെ പരിഗണനയിലാണ്. |
| **ഐറ്റം നമ്പർ -10**<br>**അഡീഷണൽ അജണ്ട : <u>അഹാഡ്സ് - മുൻ ജീവനക്കാരുടെ ശമ്പള കുടിശ്ശിക - തീർപ്പാക്കുന്നത് സംബന്ധിച്ച്</u>**<br>തീരുമാനം : കേസ് നൽകാത്ത മുൻ അഹാഡ്സ് ജീവനക്കാരുടെ ശമ്പള കുടിശ്ശിക വിശദാംശങ്ങൾ അവരിൽ നിന്ന് ലഭിക്കുന്നതനുസരിച്ചു ടി ജീവനക്കാർക്ക് മറ്റുള്ളവർക്ക് നൽകിയ രീതിയിൽ തുക നൽകുവാൻ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിക്കുകയും ആയതിനു ആവശ്യമായ നടപടികൾ കൈക്കൊള്ളുവാൻ കില ഡയറക്ടറെ ചുമതലപ്പെടുത്തുകയും. ചെയ്തു .ടി ജീവനക്കാർക്ക് തുക നൽകുന്ന മുറക്ക് ടി വിവരം സർക്കാരിലേക്ക് അറിയിക്കുവാനും നിർദേശിച്ചു | കേസ് നൽകാത്ത മുൻ അഹാഡ്സ് ജീവനക്കാരുടെ ശമ്പള കുടിശ്ശികക്കായുള്ള അപേക്ഷ അവരിൽ നിന്ന് ലഭിച്ചതനുസരിച്ച് 207 വ്യക്തികൾക്കായി 70,80,870/- രൂപ ശമ്പള കുടിശ്ശിക ഇനത്തിൽ വിതരണം ചെയ്യുകയുണ്ടായി |

| ACTION TAKEN REPORT ON THE DECISION OF THE 6th EXECUTIVE COMMITTEE MEETING HELD ON 05.07.2019 | |
|---|---|
| **Executive Committee Decision** | **Action Taken** |
| ഐറ്റം നമ്പർ : 03<br>**കിലയിലെ രണ്ട് പാർട്ട് ടൈം സ്വീപ്പർമാർക്ക് പെൻഷൻ ആനുകൂല്യം അനുവദിക്കുന്നത് –സംബന്ധിച്ച്**<br>തീരുമാനം: സർക്കാരിലെ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്കുള്ള പെൻഷൻ റൂൾ ന് സമാനമായി കിലയിലെ രണ്ട് പാർട്ട് ടൈം ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യം ലഭ്യമാക്കുവാൻ തീരുമാനിച്ചു. അതിന് ആവശ്യമായ നയപരമായ തീരുമാനത്തിനായി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശുപാർശയോടെ ഗവേർണിംഗ് കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്നതിന് തീരുമാനിച്ചു<br>ചുമതല : പി.ബി.ഉഷ, ഡെപ്യൂട്ടി ഡയറക്ടർ, കില | കിലയിലെ രണ്ട് പാർട്ട് ടൈം സ്വീപ്പർമാർക്ക് പെൻഷൻ ആനുകൂല്യം അനുവദിക്കുന്നതിനായുള്ള നയപരമായ തീരുമാനത്തിനായി 27/08/2019 ന് കൂടിയ കില ഗവേർണിംഗ് കൗൺസിൽ മുമ്പാകെ സമർപ്പിക്കുകയും ആയത് അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ കിലയിലെ രണ്ട് പാർട്ട് ടൈം സ്വീപ്പർമാർക്ക് പെൻഷൻ ആനുകൂല്യം അനുവദിക്കുന്നത് സംബന്ധിച്ച ഉത്തരവിനായുള്ള അപേക്ഷ 09/10/2019 തീയതിയിലെ കില/2019/101/6549/HQ നമ്പർ കത്ത് പ്രകാരം സർക്കാരിലേക്ക് സമർപ്പിച്ചു. ആയത് ഇപ്പോൾ ധനവകുപ്പിന്റെ പരിഗണനയിലാണ്. |
| ഐറ്റം നമ്പർ : 05<br>**കിലയുടെ പുതുക്കിയ സ്റ്റാഫ് പാറ്റേൺ പ്രകാരം കില ജീവനക്കാർക്കുള്ള പ്രമോഷൻ പോളിസി തയ്യാറാക്കുന്നത് – സംബന്ധിച്ച്**<br>തീരുമാനം: കിലയുടെ പുതുക്കിയ സ്റ്റാഫ് പാറ്റേൺ പ്രകാരം ജീവനക്കാരുടെ യോഗ്യത,സേവനവ്യവസ്ഥ , പ്രമോഷൻ, പരിശീലനം, അന്യത്ര സേവനം, വിരമിക്കൽ, അച്ചടക്ക നടപടി മുതലായവ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സമഗ്ര മാനവ വിഭവശേഷി (HR) പോളിസി തയ്യാറാക്കി സമർപ്പിക്കുവാനും ആയത് തയ്യാറാക്കുന്നതിന് വിദഗ്ധരുടെ സേവനം ലഭ്യമാക്കാനും കില ഡയറക്ടറെ ചുമതലപ്പെടുത്തി.<br>ചുമതല : പി.ബി.ഉഷ, ഡെപ്യൂട്ടി ഡയറക്ടർ, കില | കിലയുടെ പുതുക്കിയ സ്റ്റാഫ് പാറ്റേൺ പ്രകാരം കില ജീവനക്കാരുടെ യോഗ്യത, സേവനവ്യവസ്ഥ, പ്രമോഷൻ, പരിശീലനം, അന്യത്ര സേവനം, വിരമിക്കൽ, അച്ചടക്ക നടപടി മുതലായവ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സമഗ്ര മാനവ വിഭവശേഷി (HR) പോളിസി തയ്യാറാക്കുന്നതിനായി 09/10/2019 തീയതിയിലെ കില/2019/101/6579/HQ കത്ത് മുഖേന Indian Institute of Information Technology and Management, Kerala (IIITMK) എന്ന സ്ഥാപനത്തിലെ ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. തുടർന്ന് കില ഡയറക്ടറും (IIITMK) ഡയറക്ടറുമായി സംസാരിച്ചിരുന്നുവെങ്കിലും മറുപടി ലഭിച്ചിട്ടില്ല. |

<table>
<tr>
<td>
<u>ഐറ്റം നമ്പർ : 06</u><br>
<u>കില ജീവനക്കാർക്ക് ലീവ് ട്രാവൽ കൺസഷൻ (എൽ.ടി.സി) അനുവദിക്കുന്നത്- സംബന്ധിച്ച്</u><br>
തീരുമാനം: കില ജീവനക്കാർക്ക് ലീവ് ട്രാവൽ കൺസഷൻ (എൽ.ടി.സി) കില ജീവനക്കാർക്ക് ബാധകമാക്കുന്നതിന് ആവശ്യമായ നയപരമായ തീരുമാനത്തിനായി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശുപാർശയോടെ ഗവേർണിംഗ് കൗൺസിലിന്റെ തീരുമാനത്തിനായി സമർപ്പിക്കുന്നതിന് തീരുമാനിച്ചു<br>
ചുമതല : പി.ബി.ഉഷ, ഡെപ്യൂട്ടി ഡയറക്ടർ, കില
</td>
<td>
കില ജീവനക്കാർക്ക് ലീവ് ട്രാവൽ കൺസഷൻ (എൽ.ടി.സി) അനുവദിക്കുന്നതിനായുള്ള നയപരമായ തീരുമാനത്തിനായി 27/08/2019 ന് കൂടിയ കില ഗവേർണിംഗ് കൗൺസിൽ മുമ്പാകെ സമർപ്പിക്കുകയും ആയത് അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ . കില ജീവനക്കാർക്ക് ലീവ് ട്രാവൽ കൺസഷൻ (എൽ.ടി.സി) അനുവദിക്കുന്നതിനായുള്ള അനുമതിക്കായി 09/10/2019 തീയതിയിലെ 2019/101/4081/HQ നമ്പർ കത്ത് പ്രകാരം സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയത് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്.
</td>
</tr>
<tr>
<td>
<u>ഐറ്റം നമ്പർ : 08</u><br>
<u>കിലയിൽ അർബൻ ചെയർ രൂപീകരിക്കുന്നത്- സംബന്ധിച്ച്</u><br>
തീരുമാനം:
<ol>
<li>കിലയിൽ നിലവിലുള്ള സെന്റർ ഫോർ അർബൻ ഗവേർണൻസ് എന്ന നാമധേയം നിലനിർത്തുക</li>
<li>നഗരകാര്യങ്ങൾ കൈകാര്യം ചെയ്യുമ്പോൾ ആസൂത്രണത്തിനപ്പുറം ഗവേർണൻസും മറ്റ് വിഷയമേഖലകളും ഉൾപ്പെടുത്തേണ്ടതാണ്.</li>
<li>അർബൻ ചെയർ- ലേക്ക് വിദഗ്ധരെ നിയോഗിക്കുന്നതിനുള്ള പ്രൊപ്പോസൽ എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിച്ചു. താഴെപ്പറയുന്ന വിദഗ്ധരെ കൺസൾട്ടൻസി/കരാർ രീതിയിൽ നിയോഗിക്കുവുന്നതാണെന്നും നിർദ്ദേശിച്ചു.
<ol>
<li>Urban Chair ( പ്രൊഫസർ റാങ്കിലുള്ളവർ)</li>
<li>Senior Urban Fellow (അസോസിയേറ്റ് പ്രൊഫസർ റാങ്കിലുള്ളവർ)</li>
<li>Urban Fellow ( അസിസ്റ്റന്റ് പ്രൊഫസർ റാങ്കിലുള്ളവർ)</li>
</ol>
ഒരു Search committee യുടെ ശുപാർശ പ്രകാരം Urban Chair നെ നിയോഗിക്കുന്നതിനും അപേക്ഷകൾ ക്ഷണിച്ചുകൊണ്ടുള്ള നടപടി മുഖാന്തരം Senior Urban Fellow, Urban Fellow എന്നിവരെ തിരഞ്ഞെടുക്കുവാനും കില ഡയറക്ടറെ ചുമതലപ്പെടുത്തി.</li>
<li>പ്രൊപ്പോസൽ പ്രകാരമുള്ള തുക നഗരസഭകളിൽ നിന്നും കോർപ്പറേഷ നുകളിൽ നിന്നും ഒറ്റത്തവണയായി താഴെപ്പറയും പ്രകാരം വിഹിതം ലഭ്യമാക്കുന്നതിന് ആവശ്യമായ സത്വര നടപടികൾ കൈക്കൊള്ളുവാൻ സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കുവാൻ തീരുമാനിച്ചു.</li>
</ol>
<table>
<tr><td>കോർപ്പറേഷൻ<br>5 ലക്ഷം രൂപ വീതം ഓരോ കോർപ്പറേഷനും</td><td>30,00,00 രൂപ (500000*6 nos.)</td></tr>
<tr><td>പഴയ മുനിസിപ്പാലിറ്റികൾ<br>300,000 രൂപ വീതം ഓരോ മുനിസിപ്പാലിറ്റിയും</td><td>1,77,00,000 രൂപ (3,00,000*59 nos.)</td></tr>
<tr><td>പുതിയ മുനിസിപ്പാലിറ്റികൾ<br>1,00,000 രൂപ വീതം ഓരോ മുനിസിപ്പാലിറ്റിയും</td><td>28,00,000 രൂപ (1,00,000*28 nos)</td></tr>
</table>
ചുമതല : പി.ബി.ഉഷ, ഡെപ്യൂട്ടി ഡയറക്ടർ, കില
</td>
<td>
കിലയിൽ അർബൻ ചെയർ രൂപീകരിക്കുന്നത്- സംബന്ധിച്ച്തീരുമാനത്തിനായി 27/08/2019 ന് കൂടിയ കില ഗവേർണിംഗ് കൗൺസിൽ മുമ്പാകെ സമർപ്പിക്കുകയും ആയത് അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ കിലയിൽ അർബൻ ചെയർ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്നതിലേക്കായി 10/10/2019 തീയതിയിലെ കില/2019/101/6610 നമ്പർ പ്രകാരം സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയത് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്.<br><br>
കിലയിൽ അർബൻ ചെയർ രൂപീകരിക്കുന്നതിനായി 05/07/2019 ലെ എക്സിക്യൂട്ടീവ് കൗൺസിൽ തീരുമാനപ്രകാരം നഗരസഭകളിൽ നിന്നും കോർപ്പറേഷനുകളിൽ നിന്നും ഒറ്റത്തവണയായി വിഹിതം ലഭ്യമാക്കുന്നതിലേക്ക് ആവശ്യമായ നടപടിക്കായി 12/08/2019 ന് കില/2019/101/5292/HQ നമ്പർ അപേക്ഷ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്.
</td>
</tr>
</table>

## PENDING ACTIONS *ON THE DECISIONS OF*

## *THE PREVIOUS EXECUTIVE COMMITTEE MEETINGS*

| ACTION TAKEN REPORT ON THE DECISION OF THE 5th EXECUTIVE COMMITTEE MEETING HELD ON 04.01.2019 | |
|---|---|
| **Executive Committee Decision** | **Action Taken** |
| ഐറ്റം നമ്പർ : 04<br><br>**കിലയിൽ ദേശീയ പെൻഷൻ പദ്ധതി (NPS)നടപ്പാക്കുന്നത് – സംബന്ധിച്ച്**<br><br>തീരുമാനം : കിലയിൽ ദേശീയ പെൻഷൻ പദ്ധതി നടപ്പാക്കുന്നതിന് South Indian Bank സമർപ്പിച്ച പ്രൊപ്പോസൽ പരിഗണിച്ചുകൊണ്ട് South Indian Bank മുഖാന്തിരം കിലയിൽ ദേശീയ പെൻഷൻ പദ്ധതി നടപ്പാക്കുന്നതിന് അംഗീകരിച്ചു. ആയത് ഗവേർണിംഗ് കൌൺസിലിന്റെ അംഗീകാരത്തിനായി സമർപ്പിക്കാനും തീരുമാനിച്ചു.<br><br>ചുമതല : ഡെപ്യൂട്ടി ഡയറക്ടർ, കില | കിലയിൽ ദേശീയ പെൻഷൻ പദ്ധതി (NPS)നടപ്പാക്കുന്നതിനുള്ള പ്രൊപ്പോസൽ 27/08/2019 ന് കൂടിയ കില ഗവേർണിംഗ് കൌൺസിൽ മുമ്പാകെ സമർപ്പിക്കുകയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം South Indian Bank മുഖാന്തിരം കിലയിൽ ദേശീയ പെൻഷൻ പദ്ധതി നടപ്പാക്കുന്നതിന് അംഗീകരിക്കുകയും തുടർനടപടികൾക്കായി കില ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ South Indian Bank മായി MoU ഒപ്പുവെച്ച് തുടർനടപടികൾ കൈക്കൊണ്ടുവരുന്നു |

| PENDING ACTIONS ON THE DECISION OF THE 2nd EXECUTIVE COMMITTEE MEETING HELD ON 30.4.2018 | |
|---|---|
| **Executive Committee Decision** | **Action Taken** |
| ***Item No. 2 ACTION TAKEN REPORT ON THE DECISIONS OF THE EXECUTIVE* COMMITTEE *HELD ON 29.08.2017*** | |
| **Item No. 11 :Merging the Extension Training Centers with KILA – follow up** | |
| **Decision**: The Executive Committee authorized the Director, KILA, to submit a proposal before the Government for approval. Ownership of land, buildings and other equipment's other than those purchased by KILA, are to be kept as the property of the Commissioner of Rural Development.<br><br>Expedite the action from the part of Government on the request made by the Director KILA as per EC decision. | Request letter submitted to Government. vide letter number 2018/101/3335 dated 28/07/2018 |

| ACTION TAKEN REPORT ON THE DECISION OF THE 4th EXECUTIVE COMMITTEE MEETING HELD ON 24.10.2018 | |
|---|---|
| **Decision** | |
| **Filling up the Post of Assistant Professor, vacant on deputation to TISS**<br><br>Executive committee suggested that the selection process to be completed on or before 30th November 2018 by conducting Online test, Group discussion and Interview. It is also decided to constitute a Interview Board with the following members for the selection:<br><br>i) A senior Official from LSGD (from Commissionerate of Rural Development / Directorate of Panchayath/ Directorate of Urban Affair)<br>ii) National level expert<br>iii) A subject Expert from high level academic institution of Kerala like University<br><br>iv) Expert from State Planning Board<br><br>***Action by –Director, KILA*** | Advertisement was given in 2 Malayalam dailies and 1 English news paper in November 2018. Out of the applications received in response to the advertisement, 27 candidates were found to be qualified for the post. In order to shortlist the candidates, we had approached the Gulati Institute of Finance & Taxation, to conduct a test. However they had intimated their inability to conduct the examination. Then though Dr. John Mathai Centre was requested to conduct the online test, initially they agreed. However after 4 months they informed their inability to conduct the online test by their own as it is the sole discretion of Calicut University. In the context, the LBS Centre was approached for the purpose.<br><br>Test conducted by LBS Centre of Science & Technology on 10.11.2019 and forwarded the result of the Test.<br><br>In the meantime Government issued order vide G O (Rt) No. 2742/LSGD dated 4.12.2019 cancelling the deputation of Dr. Abey George, Associate Professor, KILA.<br><br>Further as per G.O. (Rt). 495/2020/LSGD dated 27.02.202 Government as per order read above have repatriated Dr. Abey George from the position of Director, MGNREGA Social Audit Society with effect from A.N. to 27.2.2020 to KILA and his services are placed at the disposal of Director, KILA and the powers of the Director, MGNREGA Social Audit Society is delegated to Sri. E. Sreekumar, Social Development Specialist with effect from 28.02.2020. In this circumstance it is bring into the notice of Government that Dr. Abey George has not reported back duty in KILA sofar. The matter was brought into notice of the Government on 4.3.2020.<br><br>In this circumstance the recruitment to this position to be decided. |

**തീരുമാനം:** എക്സിക്യൂട്ടീവ് കമ്മിറ്റി യോഗതീരുമാനങ്ങളിൽ എടുത്ത നടപടികളിൽ സംതൃപ്തി രേഖപ്പെടുത്തി അതോടൊപ്പം താഴെപ്പറയുന്ന തീരുമാനങ്ങളും കൈക്കൊണ്ടു.

1) **05/07/2019 ലെ : എക്സിക്യൂട്ടീവ് കമ്മിറ്റി യോഗതീരുമാനം ഐറ്റം നമ്പർ : 05**

കിലയുടെ പുതുക്കിയ സ്റ്റാഫ് പാറ്റേൺ പ്രകാരം കില ജീവനക്കാർക്കുള്ള പ്രമോഷൻ പോളിസി **Indian Institute of Information Technology and Management, Kerala (IIITMK)** എന്ന സ്ഥാപനം തയ്യാറാക്കുവാൻ താല്പര്യം പ്രകടിപ്പിക്കാത്തതിനാൽ കില ജീവനക്കാരുടെ യോഗ്യത, സേവനവ്യവസ്ഥ, പ്രമോഷൻ, പരിശീലനം, അന്യത്ര സേവനം, വിരമിക്കൽ, അച്ചടക്ക നടപടി മുതലായവ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സമഗ്ര മാനവ വിഭവശേഷി (HR) പോളിസി തയ്യാറാക്കുന്നതിനായി കേരള ലോക്കൽഗവൺമെന്റ് കമ്മീഷനെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

2) 04/01/2019 ലെ : എക്സിക്യൂട്ടീവ് കമ്മിറ്റി യോഗതീരുമാനം ഐറ്റം നമ്പർ : 07
ഡോ.ഉമ്മൻ ജോൺ , പ്രൊഫസർ (പബ്ലിക് അഡ്മിനിസ്ട്രേഷൻ ) വിരമിച്ച തസ്തികയിൽ മുൻ എക്സിക്യൂട്ടീവ് കമ്മറ്റിയിൽ നിഷ്കർഷിച്ച യോഗ്യതാ മാനദണ്ഡങ്ങളിൽ മാറ്റം വരുത്താതെ **Devnet. Jobs** തുടങ്ങിയ **e-portal** ലുകൾ വഴി പുന പരസ്യം ചെയ്ത് അപേക്ഷ സ്വീകരിച്ച് നിയമനം നടത്തുന്നതിന് തീരുമാനിച്ചു. തുടർനടപടികൾക്കായി ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.

3) കില കൊട്ടാരക്കര കാമ്പസിൽ പച്ചത്തുരുത്ത് ഉണ്ടാക്കുന്നതിനും അതിനോടനുബന്ധിച്ച 1 കോടി വൃക്ഷത്തൈകൾ പദ്ധതിയുടെ ഭാഗമായി കില കാമ്പസുകളിൽ വൃക്ഷത്തൈകൾ നട്ടുവളർത്തുവാനും തീരുമാനിച്ചു.

# ഐറ്റം നമ്പർ : 03

## ഓഡിറ്ററുടെ നിയമനം സംബന്ധിച്ച്

കിലയുടെ മെമ്മൊറാണ്ടം ഓഫ് അസോസിയേഷനിലെ ഖണ്ഡിക 17 ൽ 1 (ii) പ്രകാരം കിലയിലെ ഓഡിറ്ററെ നിയമിക്കുന്നതിനും ഫീസ് നിശ്ചയിക്കുന്നതിനുമുള്ള അധികാരം ഗവേർണിംഗ് കൗൺസിലിൽ നിക്ഷിപ്തമാണ്.

- 2018 ജനുവരി മാസത്തിൽ ഓഡിറ്റേഴ്സ് പാനൽ ശേഖരിക്കുകയും ആയതിൽ നിന്നും ***M/s. SKV Associates, Chartered Accountant,*** Thrissur എന്ന സ്ഥാപനത്തെ 2017-18 സാമ്പത്തിക വർഷത്തിലെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിന് 75,000/ രൂപ ഓഡിറ്റ് ഫീ നിരക്കിൽ നിയമിക്കുവാൻ 16.01.2018 ൽ ചേർന്ന ഗവേർണിംഗ് കൗൺസിൽ യോഗത്തിൽ തീരുമാനിച്ചു. ആയത് പ്രകാരം 2017-18 സാമ്പത്തിക വർഷത്തിലെ കണക്കുകൾ ഓഡിറ്റ് നടത്തി ഓഡിറ്റ് റിപ്പോർട്ട് 05/08/2018 ൽ ഒപ്പുവെച്ച് നൽകുകയും ചെയ്തു. ആയത് 09.08.2018 ൽ ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശുപാർശയോടെ 23/01/2019 ൽ കൂടിയ ഗവേർണിംഗ് കൗൺസിൽ അംഗീകരിക്കുയുണ്ടായി.
- 2018-19 സാമ്പത്തിക വർഷത്തിലെ കണക്കുകൾ ഓഡിറ്റ് നടത്തുന്നതിന് ***M/s. SKV Associates, Chartered Accountant,*** Thrissur എന്ന സ്ഥാപനത്തെ നിലവിലുള്ള 75,000/ രൂപ ഓഡിറ്റ് ഫീ നിരക്കിൽ തന്നെ നിയമിക്കുന്നതിന് 23/01/2019 ൽ കൂടിയ ഗവേർണിംഗ് കൗൺസിൽ തീരുമാനിച്ചു. പ്രസ്തുത തീരുമാനപ്രകാരം ടി സ്ഥാപനം 2018-19 സാമ്പത്തിക വർഷത്തെ Audited Statement of Accounts ഉം ഓഡിറ്റ് റിപ്പോർട്ടും 30/06/2019 തീയതിയിൽ ഒപ്പ് വെച്ച് കിലയിൽ ലഭ്യമാക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ട് എക്സിക്യൂട്ടീവ് കമ്മറ്റിയുടെ ശുപാർശയോടെ 27/08/2019 ൽ ചേർന്ന ഗവേർണിംഗ് കൗൺസിൽ അംഗീകരിക്കുയുണ്ടായി.

2019-20 സാമ്പത്തിക വർഷത്തിലെ കണക്കുകൾ ഓഡിറ്റ് നടത്തുന്നതിന് ***M/s. SKV Associates, Chartered Accountant,,*** Thrissur എന്ന സ്ഥാപനത്തെ നിലവിലുള്ള 75,000/ രൂപ ഓഡിറ്റ് ഫീ നിരക്കിൽ തന്നെ നിയമിക്കുന്നതിനുള്ള അംഗീകാരത്തിനായി ഗവേർണിംഗ് കൗൺസിലിന്റെ മുമ്പാകെ സമർപ്പിക്കുന്നതിനായുള്ള അനുമതിക്കായി സമർപ്പിക്കുന്നു.

**തീരുമാനം:** 2019-20 സാമ്പത്തിക വർഷത്തിലെ കണക്കുകൾ ഓഡിറ്റ് നടത്തുന്നതിന് ***M/s. SKV Associates, Chartered Accountant,,*** Thrissur എന്ന സ്ഥാപനത്തെ നിലവിലുള്ള 75,000/ രൂപ ഓഡിറ്റ് ഫീ നിരക്കിൽ തന്നെ നിയമിക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മറ്റിയുടെ ശുപാർശയോടെ ഗവേർണിംഗ് കൗൺസിലിന്റെ അംഗീകാരത്തിനായി സമർപ്പിക്കുവാൻ തീരുമാനിച്ചു.

# ഐറ്റം നമ്പർ : 04

## കില കാന്റീൻ- കരാർ - സംബന്ധിച്ച്

കില കാന്റീൻ യൂണിറ്റ് ക്വട്ടേഷൻ പ്രകാരം വിജയശ്രീ കുടുംബശ്രീ യൂണിറ്റാണ് 2015 ഏപ്രിൽ 1 മുതൽ ഏറ്റെടുത്ത് നടത്തിവരുന്നത്. ഒരു ദിവസം ഒരാൾക്ക് 198 രൂപ നിരക്കിൽ ഭക്ഷണം നൽകുന്നതിനാണ് കരാർ നൽകിയത്. 2016-17 ലെ സാമ്പത്തിക വർഷത്തിൽ ക്വട്ടേഷൻ മുഖാന്തിരം വിജയശ്രീ കുടുംബശ്രീ യൂണിറ്റിനുതന്നെയാണ് ഒരു ദിവസം 195 രൂപ നിരക്കിൽ കരാർ നൽകിയത്. തുടർന്ന് 2017-18 സാമ്പത്തിക വർഷത്തിൽ 195/- രൂപ നിരക്കിൽ തന്നെ കരാർ പുതുക്കി നൽകുകയുണ്ടായി.

30/04/2018 തീയതിയിൽ കൂടിയ എക്സിക്യൂട്ടീവ് കൌൺസിലിന്റെ തീരുമാനമനുസരിച്ച് 2018-19 വർഷത്തിൽ വിജയശ്രീ കുടുംബശ്രീ യൂണിറ്റിന് 10% നിരക്കിൽ വർദ്ധനവും ജി.എസ്.ടി യും ഉൾപ്പെടെ (Rs.215+5% GST) കരാർ കാലാവധി ഒരു വർഷത്തേക്ക് നീട്ടി നല്കുകയുണ്ടായി. 2019-20 വർഷത്തിൽ അതേ നിരക്കിൽ തുടരാൻ സമ്മതമാണെന്ന് കൺവീനർ അപേക്ഷ നല്കിയത് പരിഗണിച്ച് അതേ നിരക്കിൽ തന്നെ (Rs.215+5% GST) കരാർ കാലാവധി 2020 മാർച്ച് 31 വരെ കില ഡയറക്ടർ ദീർഘിപ്പിച്ചു നല്കിയിരുന്നു.

വിജയശ്രീ കുടുംബശ്രീയുമായുള്ള കരാർ 2020 മാർച്ച് 31 ന് അവസാനിക്കുന്നതിനാൽ 2020-21 സാമ്പത്തികവർഷത്തിൽ കില ക്യാൻറീൻ നടത്തിപ്പ് സംബന്ധിച്ച തീരുമാനത്തിനായി കില എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നു.

**തീരുമാനം:** 2020-21 സാമ്പത്തികവർഷത്തിൽ കില ക്യാൻറീൻ നടത്തിപ്പിനായി വിജയശ്രീ കുടുംബശ്രീയെ തന്നെ 10% വർദ്ധനയോടെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു. അതോടൊപ്പം കില ജീവനക്കാർക്കുള്ള ഭക്ഷണ നിരക്കിൽ വർദ്ധനവ് വരുത്തുവാൻ ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.

# ഐറ്റം നമ്പർ : 05

**കില എസ്.എ.എസ് അതിഥി മന്ദിരം - ഹൌസ് കീപ്പിംഗ് സർവ്വീസ് - സംബന്ധിച്ച്**

2017 ൽ ക്വട്ടേഷൻ ക്ഷണിച്ച പ്രകാരം കില എസ്.എ.എസ് അതിഥി മന്ദിരത്തിലെ ഹൌസ് കീപ്പിംഗ് ജോലികൾ ഏറ്റവും കുറഞ്ഞ നിരക്ക് നിരക്ക് ചെയ്ത M/s High Fidelity Service, Thrissur ആണ് ഏറ്റെടുത്ത് നടത്തിവരുന്നത്. ജീവനക്കാരുടെ വേതനവും ക്ലീനിംഗ് സാധനങ്ങളുടെ ചെലവ് ഉൾപ്പെടെ ഒരു മാസം 41256/- രൂപയും ജി.എസ്.ടിയുമാണ് കരാർ തുക. തുടർന്ന് 2018-19, 2019-20 സാമ്പത്തിക വർഷത്തിൽ അതേ നിരക്കിൽ തുടരാൻ സമ്മതാണെന്ന ഏജൻസിയുടെ അപേക്ഷ പരിഗണിച്ച് ഡയറക്ടർ കരാർ കാലാവധി നീട്ടി നല്കുകയുണ്ടായി.

പ്രസ്തുത ഏജൻസിയുടെ കരാർ കാലാവധി 2020 മാർച്ച് 31 ന് അവസാനിക്കുന്നതിനാൽ കില എസ്.എ.എസ് അതിഥി മന്ദിരത്തിലെ ഹൌസ് കീപ്പിംഗ് സംബന്ധിച്ച് തീരുമാനത്തിനായി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മുമ്പാകെ സമർപ്പിക്കുന്നു.

**തീരുമാനം:** കുടുംബശ്രീ തൃശ്ശൂർ ഡിസ്ട്രിക്ട് മിഷൻ കോർഡിനേറ്ററുമായി ചർച്ച ചെയ്ത് കുടുംബശ്രീയുടെ മൈക്രോ എന്റർപ്രൈസസുകളെ ഏൽപ്പിക്കുവാനുള്ള സാധ്യത ആരായുക. ആയത് ലഭ്യമല്ലെങ്കിൽ നിലവിലുള്ള ഏജൻസി തയ്യാറാണെങ്കിൽ നിരക്ക് വർദ്ധനയില്ലാതെ കരാർ ഒരു വർഷത്തേക്ക് കൂടി നീട്ടി നൽകുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.

# ഐറ്റം നമ്പർ : 06

**<u>കില ഓഡിറ്റോറിയം നവീകരണം -ഇലക്ട്രിക്കൽ വർക്കുകളുടെ സാങ്കേതികാനുമതി - സംബന്ധിച്ച്</u>**

2017-18 സാമ്പത്തിക വർഷത്തിലെ സർക്കാർ ധനസഹായം ലഭ്യമായതിൽ 300 ലക്ഷം രൂപ കില ഓഡിറ്റോറിയം നവീകരണത്തിനായി വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത ധനസഹായം മെയ് 2018 ൽ ആണ് ലഭ്യമായിട്ടുള്ളത്. ഓഡിറ്റോറിയം നവീകരണത്തിന്റെ ഭരണാനുമതി ലഭ്യമായതിൽ 100 ലക്ഷം രൂപ സിവിൽ ആന്റ് അകബസ്റ്റിക്ക് വർക്കുകൾക്കും 200 ലക്ഷം രൂപ ഇലക്ട്രിക്/ എയർക്കണ്ടീഷൻ/ ഓഡിയോ വീഡിയോ മുതലായവക്കുമാണ്.

ഓഡിറ്റോറിയം നവീകരണത്തിന്റെ ആദ്യ ഘട്ടമായി സിവിൽ വർക്കിന് 59.20 ലക്ഷം രൂപ അകബസ്റ്റിക് വർക്കിന് 40.80 ലക്ഷം രൂപയും ചേർത്ത് ആകെ 100 ലക്ഷം രൂപയുടെ പ്രവർത്തികൾക്കായി Thrissur District Labour Contract Co-Operative Society (TDLCCS) എന്ന സ്ഥാപനവുമായി 07.03.2019 തീയതിയിൽ കരാർ ഒപ്പുവെച്ചു. 50% പ്രവർത്തികൾ പൂർത്തീകരിച്ചു.

ഓഡിറ്റോറിയം നവീകരണത്തിന്റെ ഭാഗമായി അകബസ്റ്റിക്/ഓഡിയോ/വീഡിയോ പ്രവർത്തികളുടെ സാങ്കേതികാനുമതിക്കായി. ഡോ. ബാലഗോപാലൻ, പ്രൊഫസർ (റിട്ട) IIT, പ്രൊഫ. വി.കെ.ലക്ഷമണൻ നായർ, പ്രൊഫസർ (റിട്ട), ഗവ.എൻജിനീയറിംഗ് കോളേജ്, തൃശ്ശൂർ, ശ്രീ. വി.വി.സുധാകരൻ, സൂപ്രണ്ടിംഗ് എൻജിനീയർ (റിട്ട), പൊതുമരാമത്ത് വകുപ്പ്, ഡോ. മനോജ്, അസോസിയേറ്റ്പ്രൊഫസർ, ഗവ.എൻജിനീയറിംഗ് കോളേജ്, തൃശ്ശൂർ, സുരേഷ് കെ. ദാമോദരൻ, അസോസിയേറ്റ് പ്രൊഫസർ, ഗവ.എൻജിനീയറിംഗ് കോളേജ്, തൃശ്ശൂർ എന്നിവർ ഉൾപ്പെട്ട വിദഗ്ധ കമ്മിറ്റിയെ കില ചുമതലപ്പെടുത്തുകയുണ്ടായി.

അകബസ്റ്റിക് പ്രവർത്തികളുടെയും മറ്റ് അനുബന്ധ പ്രവർത്തികളുടെയും നടത്തിപ്പിന് ഒറിജിനൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് കമ്മറ്റി വിലയിരുത്തുകയും അത്യാവശ്യമായ മാറ്റങ്ങൾ ഉൾപ്പെടുത്തി പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ടി കമ്മിറ്റിയുടെ ശുപാർശകൾ ഉൾപ്പെടുത്തിക്കൊണ്ട് TDLCCS പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുകയും ആയത് 17/12/2019 ലെ എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിക്കുകയും കമ്മറ്റി തീരുമാനപ്രകാരം ഓഡിറ്റോറിയം നവീകരണത്തിന് സാങ്കേതികാനുമതി ലഭിക്കുന്നതിനായി എസ്റ്റിമേറ്റ് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർക്ക് സമർപ്പിക്കുകയും ഉണ്ടായി. എന്നാൽ പ്രസ്തുത എസ്റ്റിമേറ്റിൽ ഇലക്ട്രിക്കൽ വർക്കിന് സാങ്കേതികാനുമതി ലഭ്യമാക്കേണ്ടത് PWD ഇലക്ട്രിക് വിഭാഗം ആണെന്നും ആയതിന്റെ

എസ്റ്റിമേറ്റ് ടി ഓഫീസിലേക്ക് സമർപ്പിക്കുവാൻ 2.02.2020 ലെ DB7/1204/20/CE/LSGD നമ്പർ കത്ത് മുഖാന്തിരം കിലയിലേക്ക് അറിയിപ്പ് ലഭ്യമാക്കിയിട്ടുണ്ട്. ഇലക്ട്രിക്കൽ വർക്കിന് ആകെ 144.04 ലക്ഷം രൂപയാണ് എസ്റ്റിമേറ്റ്. മുൻകാലങ്ങളിൽ കിലയുടെ പല പ്രവർത്തികൾക്കും സാങ്കേതികാനുമതി ലഭിക്കുന്നതിനായി PWD വകുപ്പിനെ സമീപിച്ചിരുന്നെങ്കിലും ആയത് ലഭിച്ചിരുന്നില്ല. ആയതിനാൽ PWD വകുപ്പിനെ ഇലക്ട്രിക്കൽ വർക്കിന്റെ സാങ്കേതികാനുമതിക്കായി സമീപിക്കുന്നത് പ്രസ്തുത പ്രവർത്തിയുടെ പൂർത്തീകരണത്തിനെ സാരമായി ബാധിക്കും എന്നതിനാൽ ആയത് സംബന്ധിച്ച തീരുമാനത്തിനായി എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിക്കുന്നു.

**തീരുമാനം:** ഓഡിറ്റോറിയം നവീകരണത്തിന്റെ ഭാഗമായിട്ടുള്ള ഇലക്ട്രിക്/ എയർക്കണ്ടീഷൻ/ ഓഡിയോ വീഡിയോ മുതലായ പ്രവർത്തികളുടെ സാങ്കേതികാനുമതി ലഭിക്കുന്നതിനായി തൃശ്ശൂർ ഗവൺമെന്റ് എൻജിനീയറിംഗ് കോളേജിനെ സമീപിക്കുവാൻ തീരുമാനിച്ചു.

# ഐറ്റം നമ്പർ : 07

**മുൻ SIRD ഡയറക്ടർ ആയി സേവനം അനുഷ്ഠിച്ചിരുന്ന ശ്രീ.അജയകുമാർ .വി (അഡീഷണൽ ഡവലപ്പ്മെന്റ് കമ്മീഷണർ (റിട്ട )) ന്റെ ശമ്പള പരിഷ്കരണ കുടിശ്ശിക- സംബന്ധിച്ച്**

മുൻ SIRD ഡയറക്ടർ ആയി സേവനം അനുഷ്ഠിച്ചിരുന്ന ശ്രീ.അജയകുമാർ.വി, റിട്ട.അഡീഷണൽ ഡവലപ്പ്മെന്റ് കമ്മീഷണറുടെ പത്താം ശമ്പള പരിഷ്കരണത്തിന്റെ കുടിശ്ശികയുടെ ആദ്യ ഗഡുവായ 70,831/- രൂപ മുൻ എസ്.ഐ.ആർ.ഡി. യിൽ നിന്നും 26.05.2017 ന് പണമായി നൽകിയിരുന്നു. എന്നാൽ 31/05/2017 തീയതി ടിയാൻ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ബാക്കി 3 ഗഡു കുടിശ്ശികയായ 2,17,349/-രൂപ (192913+int.24436) 15.09.2017 തീയതിയിലെ KL005767297201718M നമ്പർ ചലാൻ മുഖേന മുൻ SIRD യിൽ നിന്നും സർക്കാരിലേക്ക് അടവാക്കി ടി വിവരം ടിയാന്റെ മാതൃ വകുപ്പ് തലവനായ ഗ്രാമവികസന കമ്മീഷണറെ അറിയിക്കുകയുമുണ്ടായി.

ശ്രീ.അജയകുമാറിന് ടി തുക ലഭ്യമാകാൻ കാലതാമസമുണ്ടായ സാഹചര്യത്തിൽ തുക ലഭിക്കുന്നതിനായി ഫയൽ സർക്കാരിലേക്ക് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ തുക മാറി നൽകുന്നതിന് ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തി സർക്കാരിന്റെ ധനകാര്യ (ITSF) വകുപ്പ് നിർദ്ദേശിച്ചിരുന്നു. ടി കത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമവികസന കമ്മീഷണറേറ്റിൽ നിന്ന് 01/2/2020 ന് 1101/എസി&എഡി4/2019/സി.ആർ.ഡി നമ്പർ കത്ത് കില ഡയറക്ടർക്ക് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത കത്തിൽ താഴെപ്പറയും പ്രകാരം പരാമർശിച്ചിരിക്കുന്നു. "ശ്രീ.അജയകുമാർ SIRD ഡയറക്ടറായി ജോലി ചെയ്തിരുന്ന കാലയളവിൽ അദ്ദേഹത്തിന് അർഹമായ പേറിവിഷൻ കുടിശ്ശിക സമയത്ത് ടിയാന് നൽകാതെ സർക്കാരിന്റെ സർക്കുലർ ദുർവ്യാഖ്യാനം ചെയ്ത് ടിയാന് ലഭിക്കേണ്ട തുക സർക്കാരിലേക്ക് തിരിച്ചടച്ചത് SIRD യുടെ ഭാഗത്ത് നിന്നുള്ള പിഴവാണ്. ഒന്നാം ഗഡു SIRD യിൽ നിന്നും നൽകിയ സാഹചര്യത്തിൽ ബാക്കി മുഴുവൻ തുകയും അതായത് 2,17,349/-രൂപ അടിയന്തിരമായി ടിയാന് നൽകുവാനും നടപടി സംബന്ധിച്ച വിവരം ഗ്രാമവികസന കമ്മീഷണറുടെ കാര്യാലയത്തിലേക്ക് അറിയിക്കണമെന്നും" നിർദ്ദേശിക്കുന്നു.

ഗ്രാമവികസന വകുപ്പിലെ ജീവനക്കാരനായിരുന്ന ശ്രീ. അജയകുമാറിന് വകുപ്പിന്റെ കീഴിൽ തന്നെ പ്രവർത്തിച്ചിരുന്ന SIRD യിൽ നിന്നും യഥാസമയം കുടിശ്ശിക തുക നൽകാതെ ഇപ്പോൾ ആയത് SIRD യുടെ പിഴവാണെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ടി തുക നൽകുന്നതിന് ഗ്രാമവികസന കമ്മീഷണറേറ്റിൽ നിന്നും കില ഡയറക്ടർക്ക് നിർദ്ദേശം നൽകുകയാണ് ഉണ്ടായിരിക്കുന്നത്.

ശമ്പള പരിഷ്കരണ കുടിശ്ശികയുടെ അവശേഷിച്ച 3 ഗഡു – **2,17,349/-രൂപ (192913+Int.24436)** ശ്രീ.വി.അജയകുമാറിന്റെ ബാങ്ക് അക്കൌണ്ടിലേക്ക് കിലയിൽ നിന്നും 22.02.2020 ൽ NEFT മുഖേന നിക്ഷേപിച്ചിട്ടുണ്ട്. ഗ്രാമവികസന കമ്മീഷണണറുടെ കാര്യാലയത്തിൽ നിന്നും ലഭിച്ച കത്ത്, ധനകാര്യവകുപ്പിന്റെ കത്ത്, തുക അനുവദിച്ച നടപടിക്രമത്തിന്റെ പകർപ്പ് എന്നിവ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട് **(അനുബന്ധം.2 പേജ് 60-65 ).** ടി വിവരം എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ അറിയിക്കുന്നു.

ഈ സാഹചര്യത്തിൽ മുൻ SIRD യിൽ നിന്നും സർക്കാരിലേക്ക് അടവാക്കിയതും കില ശ്രീ. അജയകുമാറിന് നൽകിയതുമായ **2,17,349/-രൂപ** കിലക്ക് തിരികെ ലഭിക്കുവാനും മറ്റ് നടപടികൾ സംബന്ധിച്ച തീരുമാനത്തിനുമായി എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നു.

**തീരുമാനം:** മുൻ SIRD ഡയറക്ടർ ആയി സേവനം അനുഷ്ഠിച്ചിരുന്ന ശ്രീ.അജയകുമാർ.വി, റിട്ട.അഡീഷണൽ ഡവലപ്പ്മെന്റ് കമ്മീഷണറുടെ പത്താം ശമ്പള പരിഷ്കരണത്തിന്റെ കുടിശ്ശികയായി കിലയിൽ നിന്നും നൽകിയ **2,17,349/-രൂപ** കിലക്ക് തിരികെ ലഭിക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടി കൈക്കൊള്ളുവാൻ ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു. ഗ്രാമവികസന വകുപ്പിലെ ജീവനക്കാരനായിരുന്ന ശ്രീ. അജയകുമാറിന് പ്രസ്തുത വകുപ്പിന്റെ കീഴിൽ തന്നെ പ്രവർത്തിച്ചിരുന്ന SIRD യും യഥാസമയം കുടിശ്ശിക തുക നൽകാതിരുന്ന പിഴവ് സംബന്ധിച്ച തുടർനടപടികൾ ഗ്രാമവികസന കമ്മീഷണറേറ്റിൽ തന്നെ കൈകാര്യം ചെയ്യുവാൻ എക്സിക്യൂട്ടീവ് കമ്മറ്റി നിർദ്ദേശം നൽകി.

# ഐറ്റം നമ്പർ : 08

**<u>PMAY (G)- മേസ്തിരിമാർക്കുള്ള പൈലറ്റ് പരിശീലനം - ഗ്രാമ വികസന കമ്മീഷണർ അനുവദിച്ച 15 ലക്ഷം രൂപ തിരികെ അടയ്ക്കണമെന്നത്- സംബന്ധിച്ച്.</u>**

ഗ്രാമവികസന കമ്മീഷണറുടെ 14-03-2017-ലെ 15805/എച്ച്&ടി 5/2016/ CRD ഉത്തരവിൻ പ്രകാരം PMAY(G) മേസ്തിരിമാർക്കുള്ള പൈലറ്റ് പരിശീലനം നടത്തുന്നതിലേക്ക് **15 ലക്ഷം രൂപ (പതിനഞ്ച് ലക്ഷം രൂപ മാത്രം )** KILA-CHRD,കൊട്ടാരക്കരയ്ക്ക് അനുവദിച്ചിരുന്നു. പരിശീലനം നടത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ ടി തുകപലിശ സഹിതം തിരികെ നൽകണമെന്ന് ഗ്രാമ വികസന കമ്മീഷണർ ആവശ്യപ്പെട്ടിട്ടുണ്ട്.**(കത്ത് നം.19126/എച്ച് &റ്റി 5/2018 തീയതി 02/05/2019 & 30/10/2019** -ഉത്തരവ് ,കത്ത് എന്നിവ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. **(അനുബന്ധം.3 പേജ് 68)**

PMAY(G) മേസ്തിരി പരിശീലനം നടത്തുവാനായി MoRD യുടെ മാർഗ്ഗ നിർദ്ദേശപ്രകാരം Construction Skill Development Corporation of India (CSDC) യുടെ ആഭിമുഖ്യത്തിൽ Skill Development Ltd, Bhopal ൽ വച്ച് 2017 ജൂൺ 19 മുതൽ 27 വരെ 2 Master trainers ന് പരിശീലനം നൽകിയിരുന്നു ഇവർ വിജയകരമായി കോഴ്സ് പൂർത്തീകരിച്ചു. 2 Master trainers നെ ഉപയോഗിച്ച് പരിശീലനം നല്കുന്നതിലേക്ക് കൊല്ലം ജില്ലാ പ്രോജക്ട് ഡയറക്ടറുടെ സഹായത്താൽ 30 പരിശീലനാർത്ഥികളുടെ ലിസ്റ്റ് തയ്യാറാക്കിയിരുന്നുവെങ്കിലും ഇവർ പരിശീലനത്തിനു വരാൻ സന്നദ്ധരല്ലായെന്ന് അറിയിക്കുകയുണ്ടായി. തുക വിനിയോഗിക്കുന്നതിനും 30 പരിശീലനാർത്ഥികൾക്ക് പരിശീലനം നടത്തുന്നതിന് കാലതാമസം നേരിട്ടതിനെ തുടർന്ന് ഗ്രാമവികസന കമ്മീഷണറേറ്റുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി തുക ഉപയോഗിച്ച് 12 പേർക്ക് പരിശീലനം നടത്തി 2 മാതൃക വീട്ടും നിർമ്മിക്കുവാൻ തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ COSTFORD മായി ബന്ധപ്പെട്ട് 2 മാതൃക വീടുകൾ നിർമ്മിക്കുവാൻ estimate തയ്യാറാക്കുകയും തുടർന്ന് കുടുംബശ്രീയുടെ ജില്ലാ ഓഫീസുമായി ബന്ധപ്പെട്ട് പരിശീലനാർത്ഥികളെ തിരഞ്ഞെടുക്കുകയും ചെയ്തിരുന്നു. ഇവർ പരിശീലനത്തിനു വരാൻ സന്നദ്ധരാണെങ്കിലും സാമ്പത്തിക ബുദ്ധിമുട്ടുകൾ അറിയിച്ചു .പ്രസ്തുത പരിശീലനത്തിനു പരിശീലന കേന്ദ്രത്തിൽ എത്തിച്ചേരുവാൻ 26 രൂപ പ്രതിദിനം ചെലവുണ്ടെന്നും കുടുംബശ്രീയുടെ മേസ്തിരി പരിശീലനത്തിനു പങ്കെടുക്കുകയാണെങ്കിൽ 310/- രൂപയാണ് stipend ആയി ലഭിക്കുന്നതെന്നും അറിയിച്ചു. എന്നാൽ ടി പരിശീലനത്തിനു stipend ആയി 250/- രൂപ വീതം മാത്രമാണ് 45 ദിവസത്തെ പരിശീലനം പൂർത്തീകരിക്കുമ്പോൾ കൊടുക്കുവാൻ സാധിക്കുന്നത്.പരീക്ഷ നടത്തി പരിശീലനാർത്ഥികൾക്ക് Certificate നൽകേണ്ടത് CSDC ആണ്. CSDC മുഖേന പരീക്ഷ നടത്തി സർട്ടിഫിക്കേഷൻ നൽകുന്നത് ഉറപ്പാക്കുന്നതിലുള്ള കാലതാമസവും പരിശീലനാർത്ഥികളുടെ അഭാവവുമാണ് പ്രസ്തുത പരിശീലനം നടത്തുന്നതിന് വിഘാതം സൃഷ്ടിച്ചതെന്ന് കോഴ്സ് ഡയറക്ടർ ചുമതലയുള്ള ഡോ.ജിബിനി .വി .കുര്യൻ, Faculty Member (Management) റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

പ്രസ്തുത പരിപാടിക്കായി നാളിതുവരെ **3,49,905/-രൂപ** ചെലവായിട്ടുണ്ട്, ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു ;

| Details | Amount |
| --- | --- |
| Fund received | 1500000/- |
| Less: Cost of printing & supply of handbook | 250000/- |
| Less: Expenses for attendning Master Trainers Training | 89725/- |
| Less: Translation Fee | 5000/- |
| Less: Fee for plan & estimate | 5180/- |
| **Balance as on 29.02.2020** | **11,50,095/-** |

പ്രസ്തുത പരിശീലനപരിപാടി നടത്തുന്നതിന് സാങ്കേതികബുദ്ധിമുട്ടുണ്ടെന്ന് കോഴ്സ് ഡയറക്ടറുടെ ചുമതലയുള്ള ഡോ.ജിബിനി.വി.കുര്യൻ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ ബാക്കി തുകയായ 11,50,095/- രൂപ (പതിനൊന്നു ലക്ഷത്തി അൻപതിനായിരത്തി തൊണ്ണൂറ്റി അഞ്ചു രൂപ മാത്രം ) ഗ്രാമവികസന കമ്മീഷണറേറ്റിലേക്ക് തിരികെ നൽകണമെന്ന വിഷയം എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

**തീരുമാനം:** ഗ്രാമവികസന കമ്മീഷണറേറ്റിൽ നിന്നും PMAY(G) മേസ്തിരിമാർക്കുള്ള പൈലറ്റ് പരിശീലനം നടത്തുന്നതിലേക്ക് ലഭിച്ച 15 ലക്ഷം രൂപ പൂർണ്ണമായും ഉപയോഗിക്കാൻ സാധിക്കാത്തതിനുള്ള സാങ്കേതിക ബുദ്ധിമുട്ടുകളും മറ്റു വിശദാംശവും വിശദമായി അറിയിച്ചുകൊണ്ട് ലഭ്യമായ ബാക്കി തുക ഗ്രാമവികസന കമ്മീഷണറേറ്റിലേക്ക് തിരികെ നൽകുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റി കിലയുടെ ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.

# ഐറ്റം നമ്പർ : 09

## കിലയിൽ ഡ്രൈവർ തസ്തികയിലെ നിയമനം-സംബന്ധിച്ച്

കിലയിലെ ഡ്രൈവർമാർ മൂന്ന് പേരും ജോലിയിൽ നിന്ന് വിരമിച്ചിട്ടുണ്ട്. നിലവിൽ ഡ്രൈവർ തസ്തികയിൽ ആളില്ല . ദിവസ വേതനാടിസ്ഥാനത്തിൽ ഡ്രൈവറെ നിയോഗിച്ചാണ് ഇപ്പോൾ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ഡയറക്ടർ ജനറൽ, വി.ഐ.പി കൾ, വിദഗ്ധരായ റിസോഴ്സ് അംഗങ്ങൾ തുടങ്ങി നിരവധി വ്യക്തികൾ കിലയിൽ വരുന്ന സാഹചര്യത്തിൽ രാപ്പകൽ ഭേദമില്ലാതെ റെയിൽവേ സ്റ്റേഷൻ/എയർപോർട്ട്/ബസ്സ്റ്റാന്റ് എന്നിവിടങ്ങളിൽ നിന്ന് ടി വ്യക്തികളെ കൊണ്ടുവരികയും കൊണ്ടാക്കുകയും ചെയ്യേണ്ടി വരാറുണ്ട്. വാഹനങ്ങളുടെ ദൈനംദിന മേൽ നോട്ടവും അറ്റക്കുറ്റ പണികളും സർവ്വീസും നടത്തേണ്ടതും ഉണ്ട്. ദീർഘദൂര യാത്രകളും ആവശ്യമാണ്. കില ആസ്ഥാനത്ത് തന്നെ മൂന്ന് വാഹനങ്ങളുണ്ട്. ഈ സാഹചര്യത്തിൽ ഡ്രൈവർ തസ്തികയിൽ നിയമനം നടത്തേണ്ടത് അത്യന്താപേക്ഷിതമാണ്.

ഡ്രൈവർ തസ്തികയിലെ നിയമനം സംബന്ധിച്ച തീരുമാനത്തിനായി എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നു.

**തീരുമാനം:** കിലയിൽ ഡ്രൈവർ തസ്തികയിലേക്ക് (ഒരു തസ്തിക) താഴെപ്പറയുന്ന യോഗ്യതാ മാനദണ്ഡ പ്രകാരവും നടപടിക്രമങ്ങളിലൂടെയും നിയമനം നടത്തുവാൻ തീരുമാനിക്കുകയും തുടർനടപടികൾക്കായി കിലയുടെ ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തുകയും ചെയ്തു.

Educational Qualification :

- Pass in Standard X or Equivalent Qualification.
- Must possess a Motor Driving Licence (LDV Licence) of at least ten years standing and Driver's Badge. (The Driving Licence should be current at all stages of selection, *viz*, on the date of application, the last date for receipt of applications, practical test and interview).
- Proficiency in driving Light and Heavy Duty Motor Vehicle (To be proved at a Practical Test).
- Heavy Duty Motor Vehicle Driving Licence

Preferable Qualifications and experience:

- Training in Driving Techniques conducted by Government Institutions/Government Agencies
- Overseas Driving Experience
- Working knowledge of Hindi and English (Malayalam essential)
- Two years working Experinece as Driver in Govt. Institituions/Board/ Corporation/ Autonomous Body

Age Limit: Maximum age limit 39 years as on 01/01/2020. Other Backward Communities and SC/ST Candidates are eligible for usual age relaxation.

Scale of pay : Rs. 19000-43600

Mode of Applying: Online.

Selection Process:

1. Shortlisting based on criteria
2. Written Test (if there are more candidates)
3. Personal Interview
4. Document Verification

# ഐറ്റം നമ്പർ : 10

**<u>തദ്ദേശ സ്വയംഭരണ വകപ്പ്- താത് കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾവഴി മാത്രം നടത്തുന്നത് - സംബന്ധിച്ച്.</u>**

തൊഴിലും നൈപുണ്യവും. വകപ്പ്-സർക്കാർ സ്ഥാപനങ്ങളിലെ താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നടത്തുന്നത് - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

പി.എസ്.സി നിയമനത്തിന്റെ പരിധിയിൽപ്പെടാത്ത എല്ലാ ഒഴിവുകളിലേക്കുമുള്ള നിയമനങ്ങൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ സേവനം നിർബന്ധമായും , പ്രയോജനപ്പെടുത്തണമെന്ന് സർക്കുലറും കത്തും മുഖേന സർക്കാർ നിർദ്ദേശം നൽകിയിരുന്നു. **(അനുബന്ധം . 4 പേജ് 71-72)** ഇപ്പോൾ സർക്കാർ സ്ഥാപനങ്ങളിലെ താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നടത്തണമെന്ന് കേരള നിയമ സഭയുടെ യുവജന ക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി അഭിപ്രായപ്പെടുകയും ചെയ്തിരിക്കുന്നു,

മേൽ പ്രതിപാദിച്ച വിവരങ്ങൾ എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ നിർദ്ദേശത്തിനായി സമർപ്പിക്കുന്നു.

**തീരുമാനം:** താൽക്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തേണ്ടി വരുമ്പോൾ കിലയുടെ selection പ്രക്രിയ മുഖാന്തിരമോ സർക്കാരിന്റെ സർക്കുലറിലെ നിർദ്ദേശനുസരണമോ താത്കാലിക അടിസ്ഥാനത്തിൽ നിയമനം നടത്തുവാൻ നിർദ്ദേശിച്ചു.

# ഐറ്റം നമ്പർ : 11

## ശ്രീ. ബാബു. കെ.ക., സെക്ഷൻ ഓഫീസറുടെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേക്ക് പ്രൊമോഷനായുള്ള അപ്പീൽ അപേക്ഷ – സംബന്ധിച്ച്

കില ജീവനക്കാരുടെ പുതിയ സ്റ്റാഫ് പാറ്റേണും പ്രൊമോഷൻ പോളിസിയും സംബന്ധിച്ച് 27.05.2006 ലെ കില എക്സിക്യൂട്ടീവ് കൗൺസിൽ അംഗീകരിച്ച പ്രൊപ്പോസൽ തുടർന്ന് 07.02.2007 ലെ G.O.(Rt) No. 402/2007/LSGD സർക്കാർ ഉത്തരവ് വഴി ചില ഭേദഗതികളോടെ സർക്കാർ അനുമതി ലഭിച്ചു. ടി ഉത്തരവിൻപ്രകാരം മുമ്പ് നിലവിലുണ്ടായിരുന്ന രണ്ട് ഡെപ്യൂട്ടി ഡയറക്ടർ തസ്തികകളിൽ ഒന്ന് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയായും മറ്റൊന്ന് ഫിനാൻസ് & അക്കൗണ്ട്സ് ഓഫീസർ ആയി മാറുകയും ചെയ്തു. 27.05.2006 ലെ എക്സിക്യൂട്ടീവ് കൗൺസിൽ അംഗീകരിച്ച് സർക്കാർ ഉത്തരവായ പ്രൊമോഷൻ പോളിസി പ്രകാരം ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേക്ക് 5 വർഷം സർവ്വീസുള്ള സെക്ഷൻ ഓഫീസർ/അസിസ്റ്റന്റ് ഡയറക്ടർ/ഇന്റേണൽ ആഡിറ്റർ എന്നിവർക്ക് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേക്ക് പ്രൊമോഷന് അർഹതയുണ്ട് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. സെക്ഷൻ ഓഫീസർ ആയ ശ്രീ. ബാബു. കെ.കെ. 5 വർഷം സെക്ഷൻ ഓഫീസർ തസ്തിക പൂർത്തിയാക്കിയിട്ടുള്ളതിനാൽ ടിയാൻ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകണമെന്ന അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പുതിയ സ്റ്റാഫ് പാറ്റേൺ പ്രകാരം സെക്ഷൻ ഓഫീസർ തസ്തിക അസിസ്റ്റന്റ് ഡയരക്ടർ തസ്തികയായി പുനർനാമകരണം ചെയ്തിട്ടുണ്ട്.

കില Centre of Excellence ആയി മാറുന്നതിന്റെ ഭാഗമായി 2017 ൽ SIRD കൊട്ടാരക്കര കിലയിലേക്ക് സംയോജിപ്പിച്ചുക്കൊണ്ടും, അഹാഡ്സ് –സിസിപിആർഎം., അഗളി ഉപാധികളില്ലാതെ കിലയിലേക്ക് ലയിപ്പിച്ചുക്കൊണ്ടും സർക്കാർ ഉത്തരവാകുകയും പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ CMD തയ്യാറാക്കിയ കിലയുടെ പുതിയ സ്റ്റാഫ് പാറ്റേൺ കില ഗവേർണിംഗ് കൌൺസിലിന്റെ അംഗീകാരത്തോടെ സർക്കാരിലേക്ക് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളതാണ്.

കിലയുടെ പുതിയ സ്റ്റാഫ് പാറ്റേൺ പ്രകാരം പ്രമോഷൻ പോളിസി തയ്യാറാക്കുന്നതിന് 05/07/2019 ൽ ചേർന്ന എക്സിക്യൂട്ടീവ് കമ്മറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കിലയുടെ പുതുക്കിയ സ്റ്റാഫ് പാറ്റേൺ പ്രകാരം കില ജീവനക്കാരുടെ യോഗ്യത, സേവനവ്യവസ്ഥ, പ്രമോഷൻ, പരിശീലനം, അന്യത്ര സേവനം, വിരമിക്കൽ, അച്ചടക്ക നടപടി മുതലായവ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സമഗ്ര മാനവ വിഭവശേഷി (HR) പോളിസി തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

കിലയിൽ നിലവിലുള്ള ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടറായ ശ്രീമതി പി.ബി. ഉഷ ജോലി ചെയ്തുവരികയാണ്.

ശ്രീ ബാബു കെ കെ യുടെ അപേക്ഷ **(അനുബന്ധം.5 പേജ്..................** )എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ നിർദ്ദേശത്തിനായി സമർപ്പിക്കുന്നു.

**തീരുമാനം:** കിലയുടെ പുതുക്കിയ സ്റ്റാഫ് പാറ്റേൺ പ്രകാരം കില ജീവനക്കാരുടെ യോഗ്യത, സേവനവ്യവസ്ഥ, പ്രമോഷൻ, പരിശീലനം, അന്യത്ര സേവനം, വിരമിക്കൽ, അച്ചടക്ക നടപടി മുതലായവ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സമഗ്ര മാനവ വിഭവശേഷി (HR) പോളിസി തയ്യാറാക്കുന്നതിനായി കേരള ലോക്കൽഗവൺമെന്റ് കമ്മീഷനെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പോളിസി രൂപീകരിക്കുന്നതിനനുസൃമായി ടി വിഷയത്തിന്റെ നടപടികൾ പൂർത്തീകരിക്കുവാൻ കിലയുടെ ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.

ഐറ്റം നമ്പർ : 12

## Request of Dr. Peter M Raj, Associate Professor for promoting to Professor

Dr.Peter M Raj joined in KILA as Assistant Professor (Panchayathi Raj) on 23.6.2004 in the scale of pay of Rs. 8000-275-13500 with pay Rs. 8000/-. Sanction accorded from Government for the extension of revised UGC scale of pay and other benefits such as career advancement scheme to the the Academic staff with effect from 01.01.2006. Based on the option submitted by Dr. Peter M Raj, Asst. Professor the pay at the revised UGC scale was re-fixed with retrospective effect from 1.1.2006 in accordance with the statement of Fixation forwarded by the consultant Prof. K S. Jayachandran, Retd Principal, Sree Kerala Varma Collage, Thrissur. Accordingly Dr. Peter M Raj was given the following benefits.

1) Award of four advance increments under Fifth UGC scheme at the time of joining with PhD and its arrears from the date of joining at KILA 23.06.2004.
2) Fixation of pay consequent of pay under sixth UGC scheme with effect from 1.1.2006 (15600-39100 + AGP 6000)
3) Fixation of pay due to promotion w.e.f 23.6.2008 as Assistant Professor with AGP 7000 (15600-39100 + AGP 7000)
4) Fixation of pay due to further promotion w.e.f 23.6.2013 as Assistant Professor with AGP 8000 (15600-39100 + AGP 8000)

As per G.O. (P) No. 58/2010/H.Edn dated 27.3.2010 (revison of pay of UGC staff) para 6.1.12, *Assistant Professors completing 3 years of teaching in the AGP of Rs. 8000 shall be eligible,_subject to other conditions, that may be prescribed by the UGC and the university, to move to the Pay band of Rs. 37400-67000 with AGP 9000 and to be designated as Associate Professor.* Dr. Peter M Raj, Assistant Professor with AGP 8000 has completed three years of service in the AGP 8000 on 22.6.2016 and he had been entitled with Pay band of Rs. 37400-67000 with AGP 9000 and to be designated as Associate Professor with effect from 24.6.2016 and continuing in this scale.

Dr. Peter M Raj, Associate Professor (Panchayati Raj) has as submitted a request to take steps for promoting him to the post of PROFESSOR' with effect from 23-06-2019. **(Annexure.6 Page .................. )**

As per G.O. (P) No. 58/2010/H.Edn dated 27.3.2010 (revison of pay of UGC staff) para 6.1.13 (Para 56), *Associate Professor completing 3 years of*

*service in the AGP of Rs. 9000 and possessing a Ph.D.degree in the relevant discipline shall be eligible to be appointed and designated as Professor, subject to other conditions of academic performance as laid down by the UGC and if any by the university. No teacher other than those with a Ph.D. shall be promoted, appointed or designated as Professor. The Pay Band for the post of Professors shall be Rs.37400-67000 with AGP of Rs. 10000.*

Dr. Peter M Raj, Associate Professor (Panchayati Raj) with AGP 9000 has completed three years of service in the AGP 9000 on 22.6.2019.

The matter is placed before the Executive committee for a decision.

**തീരുമാനം: കിലയുടെ പുതുക്കിയ സ്റ്റാഫ് പാറ്റേൺ പ്രകാരം കില ജീവനക്കാരുടെ യോഗ്യത, സേവനവ്യവസ്ഥ, പ്രമോഷൻ, പരിശീലനം, അന്യത്ര സേവനം, വിരമിക്കൽ, അച്ചടക്ക നടപടി മുതലായവ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സമഗ്ര മാനവ വിഭവശേഷി (HR) പോളിസി തയ്യാറാക്കുന്നതിനായി കേരള ലോക്കൽഗവൺമെന്റ് കമ്മീഷനെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പോളിസി രൂപീകരിക്കുന്നതിനനുസൃതമായി ടി വിഷയത്തിന്റെ നടപടികൾ പൂർത്തീകരിക്കുവാൻ കിലയുടെ ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.**

## ഐറ്റം നമ്പർ : 13

**<u>അദ്ധ്യക്ഷൻ അനുവദിക്കുന്ന മറ്റു വിഷയങ്ങൾ</u>**

യോഗം 3.30 pm ന് അവസാനിച്ചു

ചെയർ മാൻ,

എക്സിക്യൂട്ടീവ് കമ്മിറ്റി